**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - കൂത്തുപറമ്പ് നിയോജക മണ്ഡലം - 20 എയ്ഡഡ് എൽ.പി സ്കൂളുകൾക്കും 20 എയ്ഡഡ് യു.പി സ്കൂളുകൾക്കും സ്മാർട്ട് ക്ലാസ്സ് റൂമുകളിൽ ഫർണിച്ചർ വാങ്ങുന്നതിന് തുക അനുവദിക്കുന്നതിന് - പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.)നം.9753/2018/ധന.** **തിരുവനന്തപുരം, തീയതി 27/11/2018.**

---

**പരാമർശം :** 1) 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.
2) കണ്ണൂർ ജില്ലാ കളക്ടറുടെ 04/10/2018 ലെ DCKNR/10889/2018-E7 നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. സാമൂഹിക നീതി വകുപ്പ് മന്ത്രിയും കൂത്തുപറമ്പ് നിയോജകമണ്ഡലം എം.എൽ.എ യുമായ ശ്രീമതി. കെ.കെ. ശൈലജ ടീച്ചറുടെ 2018-19 വർഷത്തിലെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് 20 എയ്ഡഡ് എൽ.പി സ്കൂളുകൾക്കും 20 എയ്ഡഡ് യു.പി സ്കൂളുകൾക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണീച്ചറും വാങ്ങുന്നതിന് ശിപാർശ നൽകിയിരുന്നു. സൂചന (1) ലെ ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് മാത്രമേ അനുമതിയുള്ളുവെന്നും ഇതിന്റെ ഭാഗമായി എയ്ഡഡ് സ്കൂളുകളിലെ സ്മാർട്ട് ക്ലാസ്സ് റൂമുകളിലേയ്ക്ക് ഫർണീച്ചർ വാങ്ങി നൽകുവാൻ കഴിയുമോ എന്നതിൻമേൽ സ്പഷ്ടീകരണം നൽകണമെന്ന് സൂചന (2)പ്രകാരം കണ്ണൂർ ജില്ലാകളക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ 20 എയ്ഡഡ് എൽ.പി സ്കൂളുകൾക്കും 20 എയ്ഡഡ് യു.പി സ്കൂളുകൾക്കും സ്മാർട്ട് ക്ലാസ്സ് റൂമുകളിലേയ്ക്ക് ഫർണീച്ചർ വാങ്ങുന്നതിനായി ശ്രീമതി. കെ.കെ. ശൈലജ ടീച്ചറുടെ 2018-19 വർഷത്തിലെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അജിത്ത് കുമാർ. എ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ബഹു. സാമൂഹിക നീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ജില്ലാ കളക്ടർ, കണ്ണൂർ.
6. ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [No. NC-B1/133/2018-FIN]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**